LIBRARY ARCHIVES Kerala Legislative Assembly

വിഷാംശം കലർന്ന സാധനങ്ങളുടെ വിപണനം

108 (122) ശ്രീ. റ്റി. യു. കുരുവിള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന വിതരണം ചെയ്ത സാധനങ്ങളിൽ വിഷാംശം കലർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ ഭക്ഷ്യ സാധനങ്ങളിൽ ആണ് വിഷാംശം കണ്ടെത്തിയിട്ടുള്ളത് ; ഏത് തരത്തിലുള്ള വിഷാംശമാണെന്ന് വിശദമാക്കുമോ ;

(സി) വിഷാംശം കണ്ടെത്തിയ ഭക്ഷ്യ സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകിയ സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) വിഷാംശം കലർന്നുവെന്ന് കണ്ടെത്തിയ ഭക്ഷ്യ സാധനങ്ങൾ പിന്നീട് എന്തു ചെയ്തുവെന്ന് വിശദമാക്കുമോ ;

(ഇ) വിഷാംശം കലർന്ന സാധനങ്ങൾ സ്വകാര്യ കച്ചവടക്കാർക്ക് വിറ്റിട്ടുണ്ടോ ; എങ്കിൽ ഇത് എന്ത് ആവശ്യത്തിനാണ് അവർ ഉപയോഗിക്കുന്നത് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) വിജിലൻസ് ഡയറക്ടർ സർക്കാരിന് നല്കിയ റിപ്പോർട്ടിൽ ഒരുതരത്തിലുമുള്ള വിഷാംശം കലർന്നതായി രേഖപ്പെടുത്തിയിട്ടില്ല.

(ബി-ഇ) ബാധകമല്ല.

നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ്

109 (123) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴിക്കാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്ന വർഷമായ 2006-ലെയും 2011-ലെയും നിത്യോപയോഗ സാധനങ്ങളുടെയും പച്ചക്കറികളുടെയും വില നിലവാരം കണക്കാക്കി 2006 വർഷത്തിനേക്കാൾ എത്ര ശതമാനം വർദ്ധനവ് 2011-ൽ ഉണ്ടായി എന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ്മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ മനസ്സിലാക്കി വില വർദ്ധനവിനെതിരെ ഈ സർക്കാർ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ ഇനി എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2006-ലെയും 2011-ലെയും നിത്യോപയോഗ സാധനങ്ങളുടെ മാവേലി വിലയും കമ്പോളത്തിലെ വിലയും തമ്മിലുള്ള കുറവിന്റെയോ വർദ്ധനവിന്റെയോ ശതമാനം അനുബന്ധം ഒന്നിൽ കാണുക.*

(ബി) വിലക്കയറ്റം തടയുന്നതിന് ഫലപ്രദമായ മാർക്കറ്റിടപെടൽ പദ്ധതിതന്നെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ തലത്തിൽ സംസ്ഥാനത്ത് നിലവിലുണ്ട്. ഇതനുസരിച്ച്,

1. വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി പൊതു വിപണിയേക്കാൾ ശരാശരി 50% വരെ കുറഞ്ഞ നിരക്കിൽ അവശ്യസാധനങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്.

2. അരി വില വർദ്ധനയെത്തുടർന്ന് അരിക്കട പദ്ധതി ആരംഭിക്കുകയും കിലോഗ്രാമിന് 14 രൂപ നിരക്കിൽ പുഴുക്കലരിയും 13.50 രൂപയ്ക്ക് പച്ചരിയും വിതരണം ചെയ്യുന്ന പദ്ധതി ആരംഭിച്ചു. ഇപ്പോൾ ഈ രീതിയിൽ സപ്ലൈകോയുടെ എല്ലാ വിൽപ്പനശാലകൾവഴിയും വിതരണം ചെയ്യുന്ന അരിയുടെ വില 12.70 രൂപയാണ്.

3. പ്രാദേശികമായി ജനങ്ങൾക്ക് താത്പര്യമുള്ള വിവിധ ഇനം അരി (മട്ട, ബോധന, പച്ചരി)ക്ക് കിലോഗ്രാമിന് 16 രൂപ നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്.

4. കൂടുതൽ വിൽപ്പനശാലകൾവഴി മിതമായ വിലകൾക്ക് വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 121 മാവേലി സ്റ്റോറുകൾ, 135 സൂപ്പർ മാർക്കറ്റുകൾ, 13 പീപ്പിൾസ് ബസാറുകൾ, 45 മെഡിക്കൽ സ്റ്റോറുകൾ തുടങ്ങി 322 വിൽപ്പനശാലകൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി സഞ്ചരിക്കുന്ന 9 മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള ആവശ്യമായ വാഹനങ്ങൾ വാങ്ങിക്കഴിഞ്ഞു. ഇവ ഈ മാസം മുതൽ പ്രവർത്തനം ആരംഭിക്കും. നിലവിൽ ഇത്തരം 8 മൊബൈൽ മാവേലികൾ പ്രവർത്തിക്കുന്നുണ്ട്.

5. 4 വർഷം മുൻപ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിൽപ്പനശാലകളെ ആശ്രയിച്ചിരുന്നത് 52 ലക്ഷം ജനങ്ങളായിരുന്നു. ഇത് ഇപ്പോൾ ഒരു കോടിയിലധികമായി ഉയർന്നു. ഇത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ കൂടുതൽ ഫലപ്രദമാകുന്നതിന്റെയും സപ്ലൈകോയിൽ ജനങ്ങൾ കൂടുതലായി വിശ്വാസമർപ്പിക്കുന്നുവെന്നതിന്റെയും വ്യക്തമായ തെളിവാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

6. ശാസ്ത്രീയമായ സ്റ്റോക്ക് മാനേജ്മെന്റ് നടപ്പിലാക്കുകവഴി എല്ലാ വില്പനശാലകളിലും എല്ലാ സമയത്തും അവശ്യ സാധനങ്ങൾ ലഭ്യമാണെന്ന് ഉറപ്പുവരുത്തി, ഗുണ നിലവാരം ഉറപ്പാക്കുകയും ഉപഭോക്താവിന് ഏതെങ്കിലും ഉൽപ്പന്നത്തിന്റെ ഗുണനിലവാരത്തിൽ തൃപ്തിയില്ലെങ്കിൽ അത് തിരിച്ചെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു.

7. ശാസ്ത്രീയമായ വിലനിർണ്ണയ സംവിധാനം സപ്ലൈകോയിൽ ഏർപ്പെടുത്തുകവഴി പൊതു വിപണിയിലെ വിലകൾ നിയന്ത്രിക്കാൻ കഴിഞ്ഞു.

8. യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് അവയുടെ വിൽപ്പന റേഷൻകാർഡുകൾവഴി നിയന്ത്രിക്കുകയും അതുവഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.

9. ഗോതമ്പ് പൊടിയുടെ വില വർദ്ധന തടയുവാനായി റേഷൻകടകൾവഴി ഫോർട്ടിഫൈഡ് ആട്ട കിലോക്ക് 12 രൂപയ്ക്ക് വിതരണം നടത്തിവരുന്നു.

10. എ.ആർ.ഡി. ശബരി സ്റ്റോറുകൾ, തീരമൈത്രി സൂപ്പർമാർക്കറ്റുകൾവഴിയും നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു. മേൽപ്പറഞ്ഞ നടപടികൾവഴി കോർപ്പറേഷന്റെ വിപണി വിഹിതം വർദ്ധിക്കുകയും അതുവഴി പൊതുവിപണി വിലകളെ നിയന്ത്രിക്കുവാൻ സാധിക്കുകയും ചെയ്തു.

11. അരിയും പലവ്യജ്ഞനങ്ങളും കൂടാതെ മറ്റ് നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിലും സപ്ലൈകോ ഇടപെടുന്നു. FMCG സാധനങ്ങൾ MRP-യേക്കാളും ശരാശരി 3-7% വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് വൻകിട കുത്തക കച്ചവടക്കാരെ MRP-ൽനിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാകുകയും ചെയ്യുന്നു.

12. പൊതുവിപണിയിലേതിനേക്കാൾ 20% വരെ വിലക്കുറവിൽ തേയില, കാപ്പി, കറിപൗഡറുകൾ, വെളിച്ചെണ്ണ, കായം, വാളൻപുളി എന്നിവ 'ശബരി' എന്ന പേരിൽ വിപണിയിൽ വില്പന നടത്തിവരുന്നു.

13. ഉത്സവകാലങ്ങളിലെ വിലവർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു. വരുന്ന ഓണക്കാലത്ത് എല്ലാ നിയോജക മണ്ഡലങ്ങളിലും പ്രത്യേക ഓണച്ചന്തകൾ/ഫെയറുകൾ ഉണ്ടായിരിക്കും.

14. ലേബർ ബ്യൂറോ ഓഫ് ഇന്ത്യ പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വിലസൂചികപ്രകാരം വിലനിലവാരം ഏറ്റവും കുറവുള്ള രാജ്യത്തെ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം.

LIBRARY ARCHIVES Kerala Legislative Assembly

15. പച്ചക്കറികളുടെ വിലയിൽ ഉണ്ടായേക്കാവുന്ന വില വർദ്ധനവ് തടയുന്നതിലേക്കായി സപ്ലൈകോയുടെ തെരഞ്ഞെടുക്കപ്പെട്ട സൂപ്പർ മാർക്കറ്റുകളിലും ഹൈപ്പർ മാർക്കറ്റുകളിലും പീപ്പിൾസ് ബസാറുകളിലും എല്ലായിനം പച്ചക്കറികളും പൊതുവിപണി വിലയേക്കാൾ വിലക്കുറവിൽ വിൽപ്പന നടത്തിവരുന്നുണ്ട്.

16. കിലോഗ്രാമിന് 25 രൂപാ നിരക്കിൽ പഞ്ചസാര നൽകി വിതരണം ചെയ്തുവരുന്നു.

17. 40 ലക്ഷം കുടുബങ്ങൾക്ക് ഭക്ഷ്യ ധാന്യങ്ങൾ 2 രൂപാ നിരക്കിൽ വിതരണം ചെയ്തുവരുന്നു.

18. 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ റേഷൻകടകളിലൂടെ വിതരണം ചെയ്യുവാൻ തീരുമാനിച്ചു. പരീക്ഷണാടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ 2000 റേഷൻകടകളെ ഇതിനായി തെരഞ്ഞെടുക്കും.

(സി) നിലവിലുള്ള പദ്ധതിതന്നെ പര്യാപ്തമാണ്. എന്നിരുന്നാലും റേഷൻകടകൾവഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി

110 (124) ശ്രീ. കെ. പി. മോഹനൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കാമോ ;

(ബി) സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താനും വ്യാപിപ്പിക്കാനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കുമോ ;

(സി) കണ്ണൂർ ജില്ലയിലെ പെരിങ്ങളം ഗ്രാമപഞ്ചായത്തിലെ മുക്കിൽ പീടികയിൽ പുതിയ മാവേലി സ്റ്റോർ അനുവദിക്കാൻ നൽകിയ അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്താമോ ;

(ഡി) പെരിങ്ങളം ഗ്രാമപഞ്ചായത്തിൽ മുക്കിൽ പീടികയിൽ മാവേലിസ്റ്റോർ എപ്പോൾ പ്രവൃത്തി ആരംഭിക്കുമെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly